## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4468 25/10/2016-ൽ മറുപടിക്ക്

## പുതിയ ജലവൈദ്യുത പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.രാജു എബ്രഹാം** | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ വൈദ്യുതി ഉത്പാദനത്തിൽ ഭൂരിഭാഗവും ഉത്പാദിപ്പിക്കുന്നത് ജല വൈദ്യുത പദ്ധതികളിൽ നിന്നായിരിക്കേ സംസ്ഥാനത്ത് വർദ്ധിച്ച വരുന്ന വൈദ്യുതി ഉപയോഗത്തിനനുസൃതമായി പുതിയ ജല വൈദ്യുത പദ്ധതികൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നുണ്ട്. പാരിസ്ഥിതികാനുമതി/വനഭൂമി വനേതര പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള അനുമതി എന്നിവ ലഭിക്കുന്നതിന് നേരിടുന്ന തടസ്സങ്ങളും കാലതാമസവും പദ്ധതിയ്ക്ക് വേണ്ട സ്ഥലമേറ്റെടുക്കാനുള്ള കാലതാമസവും ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിന് പ്രധാന തടസ്സമാകുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിലവിലുള്ള ജല വൈദ്യുത പദ്ധതികൾ ഓരോന്നും എതു വർഷം നിർമ്മാണം ആരംഭിച്ചു. എന്നു മുതൽ വൈദ്യുതി ഉത്പാദനം ആരംഭിച്ചു. ഓരോന്നിലും ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യതിയുടെ അളവ് എന്നിവ സംബന്ധിച്ച വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിലുള്ള ജല വൈദ്യുതപദ്ധതികളുടെ നിർമ്മാണ വർഷം വൈദ്യുത ഉത്പാദനം ആരംഭിച്ചതും ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ അളവ് എന്നിവ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | സംസ്ഥാനത്ത് വൻകിട വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ നിരവധി കടമ്പകളും സാങ്കേതിക പ്രശ്നങ്ങളും ഉള്ള സാഹചര്യത്തിൽ ചെറുകിട ജല വൈദ്യുത പദ്ധതികൾ വഴി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; | (സി) | വൻകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ നിരവധി കടമ്പകളും, സാങ്കേതിക പ്രശ്നങ്ങളും ഉള്ള സാഹചര്യത്തിൽ ചെറുകിട ജല വൈദ്യുത പദ്ധതികൾ വഴി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നിലവിൽ നിർമ്മാണം നടന്നു വരുന്ന 6 ചെറുകിട ജലവൈദ്യുത പദ്ധതികൾ (59 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തിയാക്കാനും (14) ജലവൈദ്യുത പദ്ധതികളും (149 മെഗാവാട്ട്) സ്ഥലമെടുപ്പ് പൂർത്തിയാക്കി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവയിൽ 13 പദ്ധതികൾ (109 MW) ചെറുകിട പദ്ധതിയാണ്. കൂടാതെ പുതിയ ചെറുകിട ജല വൈദ്യുത പദ്ധതികൾ കണ്ടെ |

| | | | |
|---|---|---|---|
| | | | ത്തുന്നതിനും അവയുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സർവ്വേയും അനുബന്ധ ജോലികളും പുരോഗമിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്ത് ഇപ്പോൾ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്നും, എത്ര ശതമാനം നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും ഓരോ പദ്ധതിയിൽനിന്നും പ്രതീക്ഷിക്കുന്ന വൈദ്യുതി ഉല്പാദനത്തിന്റെ അളവ് എത്രയാണെന്നും വിശദമാക്കാമോ; | (ഡി) | <u>നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ</u><br>1. പൊരിങ്ങൽകുത്ത് — 24 മെഗാവാട്ട് (51 % പണി പൂർത്തിയയായി)<br>2. ഭൂതത്താൻകെട്ട് — 24 മെഗാവാട്ട് (36 % പണി പൂർത്തിയയായി)<br>3. പെരുന്തേനരുവി — 6 മെഗാവാട്ട് (84 % പണി പൂർത്തിയയായി)<br>4. അപ്പർ കല്ലാർ — 2 മെഗാവാട്ട് (12.08.2016 -ൽ നിർമ്മാണം ആരംഭിച്ചു.)<br>5. കക്കയം — 3 മെഗാവാട്ട് (68% പണി പൂർത്തിയയായി)<br>6. ചാത്തൻകോട്ടുനട -II — 6 മെഗാവാട്ട് (20% പണി പൂർത്തിയയായി) |
| (ഇ) | ഈ മേഖലയുമായി ബന്ധപ്പെട്ട് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഇനിയും സംസ്ഥാനത്ത് എവിടെയൊക്കെ ചെറുകിട ജല വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ കഴിയും എന്ന് നിർണ്ണയിച്ചിട്ടുണ്ടോ; സമയബന്ധിതമായി ഇവയുടെ നിർമ്മാണം ആരംഭിക്കാനും സംസ്ഥാനത്തുണ്ടാകുന്ന വൈദ്യുത കമ്മി ചെലവു കുറഞ്ഞ രീതിയിൽ മറികടക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഇ) | പഠനം നടത്തിയിട്ടുണ്ട്. 15 ചെറുകിട ജല വൈദ്യുതപദ്ധതികളുടെ ഡി.പി.ആർ. പൂർത്തിയാക്കി ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കേരളത്തിലെ വിവിധ നദികളിലായി 600MW ശേഷി വരുന്ന ആയിരത്തോളം ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ കഴിയും. സ്വകാര്യ മേഖലയിലൂടെ CPP/IPP വിഭാഗത്തിൽ 99MW ശേഷി വരുന്ന 55 ചെറുകിട ജലവൈദ്യുത പദ്ധതികൾ 'BOOT' അടിസ്ഥാനത്തിൽ അനുവദിയ്ക്കുന്നതിനുള്ള മത്സര ദർഘാസിന്റെ രണ്ടാം ഘട്ടം (RFP) പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

QNo: 4468.

## GENERATING STATIONS, THEIR CAPACITIES

| STATION | Installed Capacity (MW) | Generation Potential (MU) | Date/ year of start of work | Date of Commissioning |
|---|---|---|---|---|
| PALLIVASAL | 37.50 | 284 | 01/1935 | 19/3/40 |
| SENGULAM | 48.00 | 182 | | 05/01/1954 |
| PORINGAL | 32.00 | 170 | 1946 | 03/06/1957 |
| NERIAMANGALAM | 45.00 | 237 | | 27/1/1961 |
| NERIAMANGALAM RMU WORKS(Capacity addition) | 7.65 | | 1/2004 | 10/2004 to 9-2006 |
| PANNIAR | 30.00 | 158 | | 12/1963 |
| SABARIGIRI | 300.00 | 1338 | 03/61 | 4/1966 |
| SABARIGIRI RMU WORKS (Capacity addition) | 30.00 | | 7-2003 | 7/2005 2-2009 |
| SHOLAYAR | 54.00 | 233 | 1960 | 5/1966 |
| KUTTIYADI | 75.00 | 248 | | 09/11/1972 |
| IDUKKI | 780.00 | 2398 | 1967 | 02/12/1976 |
| IDAMALAYAR | 75.00 | 380 | 1976 | 02/03/1987 |
| KALLADA | 15.00 | 65 | 25-1-1987 | 01/05/1994 |
| PEPPARA | 3.00 | 11.5 | 02/90 | 15/6/96 |
| LOWER PERIYAR | 180.00 | 493 | 02/84 | 29/9/1997 |
| MADUPPETTY | 2.00 | 6.4 | 04/89 | 14/1/98 |
| PORINGAL LEFT BANK EXTN. | 16.00 | 74 | 03/92 | 20/3/99 |
| KAKKAD | 50.00 | 262 | 02/80 | 14/10/99 |
| KUTTIADI EXTENSION SCHEME | 50.00 | 75 | 12/96 | 27.01.01 |
| MALAMPUZHA SHEP | 2.50 | 5.6 | 08/95 | 26/11/2001 |
| CHEMBUKADAVU I | 2.70 | 6.24 | 06/03/2000 | 25/1/2004 |
| CHEMBUKADAVU II | 3.75 | 9.659 | 23-6-2001 | 25/1/2004 |
| URUMI I | 3.75 | 9.531 | 23-6-2001 | 25/1/2004 |
| URUMI II | 2.40 | 6.099 | 11/10/2001 | 25/1/2004 |
| MALANKARA | 10.50 | 65 | 11/10/1999 | 23/10/2005 |
| LOWER MEENMUTTY | 3.50 | 7.63 | 31/01/2003 | 25/03/2006 |
| NERIYAMANGALA EXTENSION | 25.00 | 58 | 3--7--2003 | 25--5--2008 |
| KUTTIYADI TAILRACE | 2.50 | 11.2 | 19--1--2001 | Unit 1&2 19-11-2008 |
| KUTTIYADI ADDITIONAL EXTENSION | 100 | 240.5 | 10.12.2003 | 19/06/10 |
| POOZHITHODE SHEP | 4.8 | 10.97 | 4.3.2009 | 19/02/11 |
| RANNI-PERUNAD | 4 | 16.73 | 10.1.2009 | 16/02/12 |
| PEECHI | 1.25 | 3.286 | 5.11.2011 | 07/01/13 |
| VILANGAD | 7.5 | 23.63 | 8.3.2010 | 01/09/14 |
| CHIMMONY | 2.5 | 6.7 | 18.8.2011 | 22/05/15 |
| ADYANPARA | 3.5 | 9.01 | 17.1.2013 | 03/09/15 |
| PORINGALKUTHU MICRO | 0.011 | 0.08 | 11/2015 | 06/02/16 |
| BARAPOLE | 15 | 36 | 29.9.2010 | 29/06/16 |
| VELLATHOOVAL | 3.6 | 12.17 | 24.9.2012 | 08/08/16 |

Section officer